"ഭരണഭാഷ - മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം
CIN : U40100KL2011SGC027424 വെബ്സൈറ്റ്: www.kseb.in
ഫോൺ (ഓഫീസ്): 0471 2514554 ഇമെയിൽ : safety@kseb.in

സംഗ്രഹം

പാലാ - രാമപുരം 33KV സബ്സ്റ്റേഷനിൽ 25.6.2018 ന ഉണ്ടായ വൈദ്യുതി അപകടം സംബന്ധിച്ച് -അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോർപ്പറേറ്റ് ഓഫിസ് (എസ് ബി യു - ജി /ഇ)

ഓഫീസ് ഉത്തരവ് (സി. എം. ഡി) നം: 77 / 2018 (സി.എസ്.സി/സേഫ്റ്റി/ 2018/255) തിരുവനന്തപുരം തീയതി : 19.07.2018.

പരാമർശം : - ചീഫ് സേഫ്റ്റി കമ്മിഷണറുടെ 27.6.2018 - ലെ CSC/safety/ Accident/2018-19/ 255 നമ്പർ കുറിപ്പ് .

ഉത്തരവ്

പാലാ-രാമപുരം 33KV സബ്സ്റ്റേഷനിൽ 25.6.2018 ന ഉണ്ടായ വൈദ്യുതി അപകടത്തിൽ ശ്രീ അനീഷ് (30 വയസ്സ്) ഗുരുതരമായി പൊള്ളലേറ്റ് ചികിത്സയിലായതിനെപറ്റി, പൂവന്തുരുത്ത് ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിന്റെയും ചീഫ് സേഫ്റ്റി കമ്മിഷണർ നിയോഗിച്ച അന്വേഷണ ഉദ്യോഗസ്ഥൻ (സേഫ്ടി കോർഡിനേറ്റർ ഹരിപ്പാട്) സ്ഥലം സന്ദർശിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ , അപകടം ഉണ്ടായ ദിവസം രാവിലെ 4.29 മണിക്ക് കൊല്ലപ്പള്ളി 11kV ഫീഡർ ഓട്ടോ റീക്ലോസ്സർ തകരാറായതു മൂലം ട്രിപ്പ് ആയതിനെതുടർന്ന് സ്റ്റേഷന്റെ ചുമതലയുള്ള പാലാ സബ്സ്റ്റേഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ കൊല്ലപ്പള്ളി ഫീഡറിന് പെർമിറ്റ് എടുക്കുകയും സ്ഥലത്ത് പോകാതെ സബ്സ്റ്റേഷനിൽ ഓപ്പറേറ്റർ ആയ ശ്രീ. അഖിലിനെയും മറ്റൊരു സബ്സ്റ്റേഷനിലെ ഓപ്പറേറ്റർ ആയ ശ്രീ. അനീഷിനെയും ചേർന്ന് ബ്രേക്കർ മെയിന്റനൻസ് ചെയ്യാൻ അനുവദിച്ചു. അതിനെത്തുടർന്ന് വർക്ക് ചെയ്തു വരവെയാണ് അപകടം ഉണ്ടായത്. ഈ അപകടവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന സുരക്ഷാ പാളിച്ചകൾ ഉണ്ടായതായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

1.സബ്സ്റ്റേഷനിൽ 9 എർത്ത് റോഡുകൾ ഉണ്ടെങ്കിലും 4 എണ്ണം മാത്രമേ നല്ല നിലവാരത്തിൽ ഉള്ളവയുള്ളൂ. അപകട സമയത്തു സൈറ്റിൽ ഉപയോഗിച്ചിരുന്നതായി കാണിച്ചു തന്ന എർത്ത് റോഡ് നല്ല നിലവാരത്തിലുള്ളതല്ല.

2. സേഫ്റ്റി ബെൽറ്റ് ഇല്ലായിരുന്നു.

3.രണ്ടു സൈഡും എർത്ത് ചെയ്തിരുന്നു എന്ന് പറയുന്നെങ്കിലും അപകടം നടന്ന സമയത്തു രണ്ടു എർത്തിങ്ങുകളും ഊരി മാറ്റിയ നിലയിൽ ആയിരുന്നു എന്നും വ്യക്തമാണ്. വർക്ക് തീരും മുൻപ് എർത്ത് റോഡ് ഊരി മാറ്റുന്നത് ഗുരുതരമായ സുരക്ഷ വീഴ്ച്ചയാണ്. അതിൽ നിന്നും എർത്ത് ചെയ്തിരുന്നില്ല എന്നും എന്നാൽ കരാർ ഓപ്പറേറ്റർ സ്വയരക്ഷാർത്ഥം എർത്ത് ചെയ്തെന്ന് പറയുകയാണെന്ന നിഗമനത്തിലേ എത്താൻ കഴിയുകയുള്ളൂ.

"ഭരണഭാഷ- മാതൃഭാഷ"

CEA സേഫ്റ്റി റെഗുലേഷൻ 2010 റെഗുലേഷൻ 7 & 29-ന്റെ ഗുരുതരമായ ലംഘനമാണ് ടി സബ്സ്റ്റേഷനിൽ ഈ അപകടവുമായി ബന്ധപ്പെട്ട് ഉണ്ടായത്. ഗുരുതരമായ സൂപ്പർവൈസറി വീഴ്ചയും സുരക്ഷ പരിപാലനത്തിലെ വീഴ്ചയും ഈ അപകടത്തിൽ ഉണ്ടായിട്ടുള്ളതായി മേൽ സൂചന വ്യക്തമാക്കുന്നു. മേൽ സാഹചര്യത്തിൽ ഈ അപകടത്തിന് ഉത്തരവാദികളായ പാലാ സബ്സ്റ്റേഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ,സബ് എഞ്ചിനീയർ എന്നിവരുടെ പേരിൽ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുവാനും സമാന അപകടങ്ങൾ ആവർത്തിക്കാതിരിക്കാനായി വിശദമായ അന്വേഷണം നടത്തുവാനും ഈ വിവരം മറ്റ് എല്ലാ ഓഫീസുകളിലും അറിയിക്കണമെന്നുമുള്ള ചീഫ് സേഫ്റ്റി കമ്മീഷണറുടെ ശുപാർശക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ് /-
പി. ജി. ഉണ്ണികൃഷ്ണൻ
സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ (സേഫ്റ്റി) യുടെ ടി.എ/ എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ (സേഫ്റ്റി)